ജലസംഭരണികളിൽ റിസർവോയർ മത്സ്യകൃഷി പദ്ധതി

122 [1840] ശ്രീ. യു. സി. രാമൻ :

,, കളത്തിൽ അബ്ദുള്ള :

,, കെ. എൻ. എ. ഖാദർ :

,, ടി. പി. എം. സാഹിർ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസംഭരണികളിൽ റിസർവോയർ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഡാക്ക് (ഏജൻസി ഫോർ ഡവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള) എക്സിക്യൂട്ടീവ് ഡയറക്ടർക്ക്.

(സി) കേരള വൈദ്യുതി ബോർഡ്, ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി, വനം വകുപ്പ് എന്നിവയുടെ അധീനതയിലുള്ള ജല സംഭരണികളിൽ മത്സ്യകൃഷി നടത്തിവരുന്നു. ജലസംഭരണികളിലെ മത്സ്യകൃഷിക്ക് അനുയോജ്യമായ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളെയാണ് ഇതിലേയ്ക്ക് ഉപയോഗിച്ചുവരുന്നത്. പദ്ധതി നടത്തിപ്പ് ഏജൻസിയായി അഡാക്കിനെ നിശ്ചയിക്കുകയും ആയതിലേക്ക് 27 ലക്ഷം രൂപ അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. താഴെ കൊടുത്തിട്ടുള്ള 20 ജല സംഭരണികളിൽ പുതുതായി മത്സ്യകൃഷി ആരംഭിക്കുന്നതിന് പ്രാരംഭ നടപടികൾ എടുത്തുവരുന്നു:

1. പേപ്പാറ
2. നെയ്യാർഡാം
3. കല്ലട റിസർവോയർ
4. ഭൂതത്താൻകെട്ട്
5. ഇടുക്കി
6. പൊൻമുടി
7. ആനയിറക്കൽ
8. മാടുപതി

LIBRARY ARCHIVES Kerala Legislative Assembly

9. പെരിയാർ
10. പഴശ്ശി
11. മലമ്പുഴ
12. മംഗലം
13. മീൻകര
14. ചുള്ളിയാർ
15. പോത്തുണ്ടി
16. വാളയാർ
17. കാഞ്ഞിരംപുഴ
18. വാഴാനി
19. പീച്ചി
20. പെരുവണ്ണാമൂഴി

ശുദ്ധജല മത്സ്യവിഭവശേഷി വർദ്ധിപ്പിക്കുവാൻ നടപടി

123 [1841] ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
" തോമസ് ഉണ്ണിയാടൻ :
" ജോസഫ് എം. പുതുശ്ശേരി :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യസമ്പത്തിന്റെ ചൂഷണാർത്ഥം എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കൃതമായിട്ടുണ്ട് ;

(ബി) ശുദ്ധജല മത്സ്യസ്രോതസുകളിൽനിന്നും പ്രതിവർഷം എത്ര അളവ് മത്സ്യലഭ്യത ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) ശുദ്ധജല മത്സ്യവിഭവശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly